# Deepika

## 30 August 2018

## Kochi; After Flood, Flood relief Programs

# സഹായം പ്രളയബാധിതർക്കു ലഭിക്കുമെന്നു സർക്കാർ ഉറപ്പാക്കണം: ഹൈക്കോടതി

കൊച്ചി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു പ്രളയബാധിതർക്കായി ലഭിക്കുന്ന സഹായങ്ങളും മറ്റു സാധനങ്ങളും ദുരിതബാധിതർക്കു ലഭിക്കുന്നുവെന്നു സർക്കാർ ഉറപ്പാക്കണമെന്നു ഹൈക്കോടതി നിർദേശം നൽകി.

പ്രളയബാധിതരെ സഹായിക്കാനായി ലഭിക്കുന്ന തുക ദുരിതാശ്വാസനിധിയിലേക്കു മാറ്റുന്നതിനു പകരം പ്രത്യേക അക്കൗണ്ടിലേക്കു മാറ്റണമെന്നും വരവ് ചെലവ് കണക്കുകൾ പ്രസിദ്ധപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഇടുക്കി സ്വദേശി എ.എ. ഷിബി നൽകിയ നൽകിയ പൊതുതാല്പര്യ ഹർജിയിലാണ് ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ദുരിതാശ്വാസനിധിയിലേക്കു ലഭിക്കുന്ന പണം മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ സാധ്യതയുണ്ടെന്ന ഹർജിയിലെ ആക്ഷേപം ശരിയല്ലെന്നും ദുരിതാശ്വാസനിധിയിൽനിന്ന് ചില്ലിക്കാശുപോലും മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കില്ലെന്നും അഡ്വക്കറ്റ് ജനറൽ വ്യക്തമാക്കി. എജിയുടെ ഉറപ്പിൽ ആശങ്കയില്ലെന്നു വ്യക്തമാക്കിയ ഡിവിഷൻ ബെഞ്ച് പണം സംഭാവന നൽകിയവർക്ക് ഇക്കാര്യം ഉറപ്പുനൽകണമെന്നും പ്രളയദുരിതാശ്വാസമായി ലഭിച്ച തുക ദുരിതാശ്വാസ ഫണ്ടിൽനിന്നു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും വാക്കാൽ പറഞ്ഞു.

ഓഖി ദുരന്തത്തെത്തുടർന്നു സമാഹരിച്ച തുക വകമാറ്റിയില്ലെന്നും ഈ മാതൃക പ്രളയദുരന്തത്തിന്റെ കാര്യത്തിൽ തുടരുമെന്നും എജി പറഞ്ഞു. മറ്റ് ആവശ്യങ്ങൾക്കായി തുക സർക്കാർ ചെലവാക്കുമെന്നു കോടതി കരുതുന്നില്ല. പണം നൽകിയവർക്കു വിശദാംശങ്ങൾ കിട്ടുന്ന തരത്തിൽ സംവിധാനം കൂടുതൽ സുതാര്യമാകണമെന്നു കോടതി നിരീക്ഷിച്ചു.

ഗുജറാത്ത് ഭൂകമ്പത്തെ നേരിട്ടപ്പോൾ സ്വീകരിച്ച മാതൃക പരീക്ഷിക്കാവുന്നതാണെന്നു ഹർജിക്കാരി ചൂണ്ടിക്കാട്ടി. ഗുജറാത്തും കേരളവും സമാനമല്ലെന്നും കേരളത്തിനിണങ്ങുന്ന മികച്ച മാതൃകയാണ് ഇവിടെ വേണ്ടതെന്നും കോടതി അഭിപ്രായപ്പെട്ടു. ദുരിതാശ്വാസത്തിനായി സന്നദ്ധ സംഘടനകൾ പിരിച്ച പണവും മറ്റു സാധനങ്ങളും ബാക്കി വന്നാൽ ഏറ്റെടുക്കേണ്ടതല്ലേയെന്നും കോടതി ചോദിച്ചു.

ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ചു സർക്കാരിനു കൂടുതൽ അഭിപ്രായമുണ്ടെങ്കിൽ അറിയിക്കാൻ നിർദേശിച്ച ഡിവിഷൻ ബെഞ്ച് ഹർജി അടുത്ത ദിവസം വീണ്ടും പരിഗണിക്കാൻ മാറ്റി.